# സർക്കാരിന്റെ ബ്ലേഡ് കമ്പനിയോ?



**വികസനപക്ഷം**

**ഡോ. തോമസ് ഐസക്**

**ബ്ലേഡ് കമ്പനിയെന്ന പ്രതിച്ഛായ മാറ്റി കെ.എഫ്.സി.യെ സർക്കാരിന്റെ ഒരു മുഖ്യ വികസന ഏജൻസിയാക്കി മാറ്റുന്നതിനുള്ള വലിയ പരിശ്രമമാണ് കഴിഞ്ഞ മൂന്നു വർഷമായി നടന്നുവരുന്നത്**

**ആ**ഗോളമാന്ദ്യത്തിന്റെ ഫലമായി ഗൾഫിൽനിന്ന് തിരിച്ചുവരുന്ന പ്രവാസികൾക്ക് കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ വഴി വായ്പ ലഭ്യമാക്കുന്നതിനെക്കുറിച്ചു ഞാനെഴുതിയതിന് ഒരു പ്രതികരണം ലഭിക്കുകയുണ്ടായി– 'സഹായിച്ചില്ലെങ്കിലും ഈ ബ്ലേഡുകമ്പനിക്ക് പ്രവാസികളെ ഇരയാക്കല്ലേ'. ഇത് ഒരു ഒറ്റപ്പെട്ട പ്രതികരണമല്ല. നിയമസഭയിൽത്തന്നെ പ്രതിപക്ഷാംഗങ്ങളും ബജറ്റുചർച്ചയിൽ പങ്കെടുത്ത് ഇപ്രകാരം പരിഹസിക്കുകയുണ്ടായി.

അവരെ ഞാൻ കുറ്റപ്പെടുത്തുന്നില്ല. കേരള ഫിനാൻഷ്യൽ കോർപ്പറേഷന് ഇങ്ങനെയൊരു ഭൂതകാലം ആരോപിച്ചാൽ തെറ്റുപറയാനാവില്ല. 2005–06ൽ കെ.എഫ്.സി.യുടെ ആസ്തികളിൽ 65% തിരിച്ചുകിട്ടാക്കടമായിരുന്നു. അതു പിരിച്ചെടുക്കുന്നതിനു സ്വീകരിച്ച നടപടികൾ ബ്ലേഡെന്ന പേരും കോർപ്പറേഷന് നേടിക്കൊടുത്തു. കിട്ടാക്കട അക്കൗണ്ടുകളെ ഞാൻ വിശദമായി പരിശോധിച്ചു. ഒരു നല്ല പങ്ക് സാങ്കേതികമായോ ധനപരമായോ തുടക്കംമുതൽതന്നെ വിജയിക്കാൻ സാധ്യതയില്ലാത്തവയായിരുന്നു. എന്നാൽ പല സംരംഭങ്ങളുടെയും തകർച്ചയ്ക്ക് കെ.എഫ്.സി. തന്നെ ഉത്തരവാദിയായിരുന്നു. സ്ഥാപനത്തെ എങ്ങനെ സഹായിച്ചു നിലനിർത്താം എന്നതിലുപരി കൊടുത്ത പണം എങ്ങനെ പിരിച്ചെടുക്കാം എന്നതിൽ മാത്രമായിരുന്നു കെ.എഫ്.സി.യുടെ ശ്രദ്ധ. ചില ഉദാഹരണങ്ങൾ ഇവിടെ സൂചിപ്പിക്കാം.

തൃശ്ശൂരിലെ ഒരു പ്ലേറ്റുനിർമാണക്കമ്പനിക്ക് 1999ൽ വായ്പ അനുവദിച്ചു. എന്നാൽ ലോറിയിലെത്തിയ യന്ത്രങ്ങൾ പരിശോധിച്ച് ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്താത്തതുമൂലം രണ്ടു മാസം വണ്ടിയിൽത്തന്നെ ഇരിപ്പായി. അവസാനം അന്നത്തെ മന്ത്രി ശിവദാസമേനോന്റെ ഉത്തരവിനെത്തുടർന്നു പരിശോധന നടത്തിയപ്പോഴേക്കും യന്ത്രങ്ങൾക്ക് കേടുപറ്റിക്കഴിഞ്ഞിരുന്നു. കമ്പനി പൊളിയാൻ വേറെന്തുവേണം? ഒരിക്കൽപ്പോലും പൂർണമായി പ്രവർത്തിക്കാത്ത കമ്പനി 2001ൽ കെ.എഫ്.സി. ഏറ്റെടുത്തു. അതോടെ ഫാക്ടറിയുടെ കഥയും കഴിഞ്ഞു.

കൊടുങ്ങല്ലൂരിലെ ഷോപ്പിങ് കോംപ്ലക്സിന് 1997ൽ വായ്പ അനുവദിച്ചു. അനുവദിച്ച വായ്പകൊണ്ട് കെട്ടിടം പൂർത്തിയായില്ല. അധികവായ്പ അനുവദിക്കാൻ കെ.എഫ്.സി. തയ്യാറുമായില്ല. പകരം കുടിശ്ശികയുടെ പേരിൽ റവന്യൂ റിക്കവറി നടപടി പ്രകാരം സ്വത്തുവകകൾ ഏറ്റെടുത്തു.

ജനതാ ഓയിൽ ആൻഡ് ഫ്ലവർമില്ലിന് 1990ലാണ് വായ്പ അനുവദിച്ചത്. പക്ഷേ, വൈദ്യുതി കണക്ഷൻ ലഭിക്കാൻ വൈകിയതോടെ ഫാക്ടറി പ്രതിസന്ധിയിലായി. ഫാക്ടറി പൂർണമായി പ്രവർത്തനക്ഷമമാകുന്നതിനുമുമ്പുതന്നെ സ്വത്ത് ഏറ്റെടുത്തു. വായ്പയെടുത്ത സ്ഥാപനം പ്രവർത്തനക്ഷമമാകുംമുമ്പുതന്നെ ജപ്തിനടപടി സ്വീകരിച്ചിട്ടുള്ള ഒട്ടേറെ കേസുകൾ ഞാൻ നേരിട്ടു പരിശോധിച്ചിട്ടുണ്ട്.

കദനകഥകൾ എത്രവേണമെങ്കിലും വിവരിക്കാം. കെ.എഫ്.സി.യുടെ എല്ലാ അക്കൗണ്ടുകളും ഇത്തരത്തിലുള്ളവയാണെന്ന തെറ്റിദ്ധാരണ വേണ്ട. കേരളത്തിൽ ഇന്നറിയപ്പെടുന്ന പല കമ്പനികളുടെയും തുടക്കം കെ.എഫ്.സി.യിൽനിന്നാണ്. ജിയോജിത്, എലൈറ്റ് ഫുഡ്സ്, വി.കെ.സി. ഗ്രൂപ്പ്, എസ്.യു.ടി. ആസ്പത്രി എന്നിവ അവയിൽച്ചിലതുമാത്രം. ഇങ്ങനെ വിജയിക്കുന്ന കമ്പനികളിൽ നല്ല പങ്കിന്റെയും അക്കൗണ്ടുകൾ വാണിജ്യബാങ്കുകൾ റാഞ്ചിക്കൊണ്ടുപോകും. പൊള്ളക്കമ്പനികളാവും കെ.എഫ്.സി.യിൽ അവശേഷിക്കുക. ബ്ലേഡ് കമ്പനിയെന്ന പ്രതിച്ഛായ മാറ്റി കെ.എഫ്.സി.യെ സർക്കാരിന്റെ ഒരു മുഖ്യ വികസന ഏജൻസിയാക്കി മാറ്റുന്നതിനുള്ള വലിയ പരിശ്രമമാണ് കഴിഞ്ഞ മൂന്നു വർഷമായി നടന്നുവരുന്നത്. മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടുകളിൽനിന്നും മറ്റും പ്രൊഫഷണലുകളെ ഉൾപ്പെടുത്തി ഡയറക്ടർ ബോർഡ് പുനഃസംഘടിപ്പിച്ചു. സംരംഭകർക്ക് സൗജന്യ സാങ്കേതികസഹായം നൽകുന്നതിനു കൺസൾട്ടൻറുമാരുടെ സംഘത്തിന് രൂപംനൽകി. ജീവനക്കാർക്ക് പരിശീലനം സംഘടിപ്പിച്ചു. കാലതാമസം ഒഴിവാക്കാൻ താഴേത്തലങ്ങളിലേക്ക് കൂടുതൽ അധികാരം നൽകി.

ഏറ്റവും സുപ്രധാനമായ പരിഷ്കാരം ധനകാര്യ പുനഃസംഘടനയായിരുന്നു. താരതമ്യേന ഉയർന്ന പലിശനിരക്ക് കെ.എഫ്.സി.ക്ക് ബ്ലേഡെന്ന വിശേഷണം വാങ്ങിനൽകിയതിൽ പ്രധാനപ്പെട്ട ഒരു പങ്കുവഹിച്ചിട്ടുണ്ട്. ഇപ്പോൾപ്പോലും 14.5 ശതമാനംവരെ പലിശ ഈടാക്കുന്നുണ്ട്. ഇങ്ങനെ ചെയ്യാതെ കോർപ്പറേഷന് മറ്റു മാർഗമില്ല. കാരണം വായ്പ നൽകാനുള്ള പണത്തിന്റെ ഏക സ്രോതസ്സ് കേന്ദ്രസർക്കാരിന്റെ ധനകാര്യസ്ഥാപനമായ ചെറുകിട വ്യവസായവികസന ബാങ്ക് (സിഡ്ബി) ആണ്. അവരാകട്ടെ ഇപ്പോൾ 9.75 ശതമാനം പലിശയാണ് കെ.എഫ്.സി.യിൽനിന്നീടാക്കുന്നത്. ബോണ്ടിറക്കി ആഭ്യന്തരവായ്പാകമ്പോളത്തിൽനിന്ന് പണം വാങ്ങുകയാണെങ്കിൽ 7.5–8 ശതമാനം പലിശയ്ക്കു പണം ലഭ്യമാകും. പക്ഷേ, കിട്ടാക്കടം ആസ്തികളുടെ 10 ശതമാനത്തിൽ താഴെയാണെങ്കിൽ മാത്രമേ ഇങ്ങനെ ബോണ്ടിറക്കാൻ റിസർവ് ബാങ്ക് സമ്മതിക്കൂ. കെ.എഫ്.സിയുടെ നിഷ്ക്രിയ ആസ്തി (എൻ.പി.എ.)കളുടെ തോത് 66 ശതമാനമായിരുന്നു.

നിഷ്ക്രിയ ആസ്തികൾ 10 ശതമാനത്തിൽ താഴെയാക്കി താഴ്ന്ന പലിശയ്ക്ക് വായ്പാകമ്പോളത്തിൽനിന്ന് കടമെടുക്കാൻ കെ.എഫ്.സി.യെ പ്രാപ്തമാക്കുക എന്നുള്ളതായിരുന്നു മുഖ്യ പുനരുദ്ധാരണതന്ത്രം. ഇതിനായി കിട്ടാക്കടങ്ങൾ ഉദാരമായ ഒറ്റത്തവണ തീർപ്പാക്കലിലൂടെ അവസാനിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചു. ഇവയിൽ വലിയൊരുപങ്കിന് മുൻകാലത്തുതന്നെ കണക്കിൽ പരിഹാരത്തുക വകയിരുത്തിയിരുന്നു എന്നത് ഈ നടപടി സുഗമമാക്കി. അങ്ങനെ 2009 ആദ്യം ആയപ്പോഴേക്കും നിഷ്ക്രിയ ആസ്തികൾ ഏതാണ്ട് 20 ശതമാനം ആയി കുറഞ്ഞു.

നിഷ്ക്രിയ ആസ്തികളുടെ തോത് 10 ശതമാനത്തിൽ താഴയാക്കുന്നതിന് മുൻകാല ബാധ്യതകൾ ഒഴിവാക്കുന്നതിനായി ഇനിയും 130 കോടി രൂപ വേണ്ടിയിരുന്നു. ഈ തുക ബജറ്റുവഴി ഓഹരിമൂലധനമായി കമ്പനിക്ക് നൽകിയതോടെ 2008–09 ധനകാര്യവർഷം അവസാനിച്ചപ്പോൾ നിഷ്ക്രിയ ആസ്തികളുടെ ശതമാനം 9.6 ശതമാനമായി കുറയ്ക്കാൻ കഴിഞ്ഞു.

ബോണ്ടുമാർക്കറ്റിൽനിന്ന് വായ്പ എടുക്കണമെങ്കിൽ കമ്പനിയുടെ ക്രെഡിറ്റ് റേറ്റിങ് നടത്തണം. കമ്പനിയുടെ സാമ്പത്തികനിലയിൽ ആർക്കും കുറ്റം കണ്ടെത്താൻ കഴിയുമായിരുന്നില്ല. മൂലധന–വായ്പാ തോത് 2005–06ൽ 17 ശതമാനമായിരുന്നത് 2008–09ൽ 36 ശതമാനമായി ഉയർന്നു. ലാഭമാകട്ടെ ഇതേ കാലയളവിൽ 1.70 കോടി രൂപയിൽനിന്ന് 10.40 കോടി രൂപയായും ഉയർന്നു. മൊത്തം അനുവദിച്ച വായ്പ 121 കോടി രൂപയായിരുന്നത് 374 കോടി രൂപയായി. തിരിച്ചടവാകട്ടെ 214 കോടി രൂപയിൽനിന്ന് 269 കോടിയും ആയി.

പക്ഷേ, ഉടമസ്ഥൻ കേരളസർക്കാറാണല്ലോ. കഴിഞ്ഞ ഇടതുപക്ഷജനാധിപത്യമുന്നണിസർക്കാരിന്റെ കാലത്ത് പൊതുമേഖലാ വ്യവസായസ്ഥാപനങ്ങൾക്ക് 180 കോടി രൂപയുടെ ബോണ്ടിറക്കിയതിന്റെ (കിർഫ് ബോണ്ടുകൾ) പലിശയും മുതലും തിരിച്ചടയ്ക്കാത്ത കിട്ടാക്കടമായി മാറിയിരുന്നു. ഇത് കെ.എഫ്.സി.ക്ക് വിനയായി. ഇപ്പോൾ കിർഫ് ബോണ്ടുകളുടെ കുടിശ്ശിക തീർക്കുന്നതിന് നടപടി സ്വീകരിച്ചുവരികയാണ്. ഇതു പൂർത്തിയാകുന്നതോടെ താഴ്ന്ന പലിശയ്ക്കു പണം വായ്പയെടുക്കുന്നതിനുള്ള തടസ്സങ്ങൾ നീങ്ങുമെന്നാണ് കരുതുന്നത്.

നടപ്പുവർഷത്തിൽ 800 കോടി രൂപയുടെയെങ്കിലും വായ്പകൾ അനുവദിക്കാനാണ് ലക്ഷ്യമിടുന്നത്. ഇതിൽ 150 കോടി രൂപയോളം 8.5 ശതമാനം പലിശയ്ക്ക് പൊതുമേഖലയുടെ നവീകരണത്തിനുലഭ്യമാക്കുന്നതിനു ധാരണയായിട്ടുണ്ട്. 100 കോടിരൂപ ഗൾഫിൽനിന്നു തിരിച്ചുവരുന്ന പ്രവാസിമലയാളികളുടെ സംരംഭങ്ങൾക്കുള്ള പ്രത്യേക സ്കീം ആയിരിക്കും. ഏഴു ശതമാനമോ അതിൽത്താഴെയോ പലിശനിരക്കിന് ഈ വായ്പ ലഭ്യമാക്കാനാണ് പരിശ്രമിക്കുന്നത്. ബാക്കി തുക കേരളത്തിലെ ചെറുകിട–ഇടത്തരം വ്യവസായസ്ഥാപനങ്ങൾക്കായിരിക്കും. നേരത്തേ ഉണ്ടായിരുന്ന 14.5 ശതമാനം പലിശ 12.5 ശതമാനമായി കുറച്ചുകഴിഞ്ഞു. ഇനിയും താഴ്ത്തുന്നതിനാണു പരിശ്രമം. എത്ര ശതമാനം പലിശയ്ക്കു ബോണ്ടുമാർക്കറ്റിൽനിന്നു പണം സമാഹരിക്കാനാകുമെന്നതിനെ ആശ്രയിച്ചായിരിക്കും ഇതു തീരുമാനിക്കുക.

കുറഞ്ഞ പലിശയ്ക്ക് വായ്പ നൽകുന്നതിന് വലിയ സഹായം കേന്ദ്രസർക്കാരിനു ചെയ്യാനാകും. മാന്ദ്യവിരുദ്ധ പാക്കേജിന്റെ ഭാഗമായി 7000 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഈ തുക 4.75 ശതമാനം പലിശയ്ക്കാണ് സിഡ്ബിക്ക് ലഭ്യമാക്കിയിട്ടുള്ളത്. സിഡ്ബിയാവട്ടെ ഈ തുക 8.25–9 ശതമാനം പലിശയ്ക്കാണ് മറിച്ചു വായ്പ നൽകുന്നത്. ഇതിൽത്തന്നെ 610 കോടി രൂപയേ സംസ്ഥാന ധനകാര്യസ്ഥാപനങ്ങൾക്കുള്ളൂ. ബാക്കി തുക മുഴുവൻ പുനർവായ്പയ്ക്കായി പൊതുമേഖലാ ബാങ്കുകൾക്കാണ് നൽകിയത്. അവരാവട്ടെ ഉയർന്ന പലിശനിരക്കുമൂലം ഈ പണം വാങ്ങുന്നുമില്ല. വിചിത്രമെന്നു പറയട്ടെ, ഒരു വർഷത്തെ കാലയളവിനാണ് ഈ വായ്പ ലഭ്യമാക്കുന്നതിനു സിഡ്ബി തയ്യാറായിട്ടുള്ളത്. ഒരു വർഷത്തെ കാലയളവിന് വായ്പയെടുത്തിട്ട് നാല്–അഞ്ചു വർഷക്കാലയളവിലേക്ക് എങ്ങനെയാണ് കെ.എഫ്.സി.ക്കു കടം കൊടുക്കാൻ കഴിയുക?

ഇങ്ങനെ മാന്ദ്യവിരുദ്ധ പാക്കേജിന്റെ ഭാഗമായുള്ള ചെറുകിട–ഇടത്തരം വ്യവസായങ്ങൾക്കുള്ള വായ്പ മാന്ദ്യം അവസാനിച്ചാലും ചെലവാകാൻ പോകുന്നില്ല. ഒരു പ്രത്യേക സ്കീമായി കേന്ദ്രസർക്കാർ സിഡ്ബിക്കു നൽകിയ സഹായം അതേ പലിശനിരക്കിൽത്തന്നെ സംസ്ഥാന ധനകാര്യസ്ഥാപനങ്ങൾക്കു ലഭ്യമാക്കുകയാണെങ്കിൽ സംസ്ഥാനസർക്കാരിന്റെ പലിശ സബ്സിഡിയും ചേർത്ത് നമുക്ക് അഞ്ച്–അറു ശതമാനം പലിശയ്ക്ക് ഇടത്തരം–ചെറുകിട സ്ഥാപനങ്ങൾക്ക് നൽകാനാകും. ഇതു ചൂണ്ടിക്കാണിച്ച് കേന്ദ്ര ധനകാര്യവകുപ്പിനു കത്തെഴുതിയിട്ടും ബന്ധപ്പെട്ടവർക്ക് സൽബുദ്ധി ഇതുവരെ തോന്നിയിട്ടില്ല.